# Bulletin
# DIOCESE OF HOSUR

Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com

Patron

Mar Sebastian Pozholiparamibil
Bishop of Hosur

September 2018

Chief Editor
Fr. Arun Chakkalackal
Mob. 9840386758

Published By
Msgr. Varghese Pereppadan
Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road,
Ayanavaram, Chennai-23

Printed at: Sunitha Printers

## ഉള്ളടക്കം

ഇടയശബ്ദം....................................2

സർക്കുലർ.......................................3

പ്രീ-കാന..........................................3

സന്ദേശം-ഫ്രാൻസിസ്പാപ്പ.............4

പാസ്റ്ററൽ കൗൺസിൽ..................10

കച്ചേരികാര്യങ്ങൾ.........................11

മാതൃജ്യോതിസ്സ്.............................13

സെമിനാരി വാർത്തകൾ...............14

ഇടയന്റെ ഇന്നലകൾ.....................16

ഇടയന്റെ നാളകൾ........................16

## ഇടയശബ്ദം



മിശിഹായിൽ സ്നേഹമുള്ള ഹൊസൂർ രൂപതാ കുടുംബാംഗങ്ങളെ,

മാതാവിന്റെ പ്രത്യേക സംരക്ഷണത്തിൽ വളർന്നുക്കൊണ്ടിരിക്കുന്ന ഹൊസൂർ രൂപതയെ സംബന്ധിച്ച് സെപ്തംബർ മാസം വളരെ പ്രാധാന്യമർഹിക്കുന്ന മാസമാണ്. കാരണം സെപ്തംബർ 8 ാം തിയ്യതി നാം മാതാവിന്റെ ജനനത്തിരുനാൾ കൊണ്ടാടുന്നു. പാപക്കറ പുരളാതെ ജന്മം കൊണ്ട മാതാവിന്റെ ജനനത്തിരുനാൾ കൊണ്ടാടുമ്പോൾ നമ്മുടെ ഹൊസൂർ രൂപതാമക്കളെല്ലാം പാപരഹിതമായ ജീവിതം നയിക്കണമെന്നാണ് പരിശുദ്ധ അമ്മ ആഗ്രഹിക്കുന്നത്. പരിശുദ്ധ അമ്മയെപ്പോലെ പ്രസാദവരാവസ്ഥയിൽ എന്നും ജീവിക്കാമെന്ന വാഗ്ദാനമാണ് മാതാവിന് നല്കാനാവുന്ന ഏറ്റവും വലിയ പിറന്നാൾ സമ്മാനം. ഹൊസൂർ രൂപതയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ ഈ 'ബർത്ത് ഡേ ഗിഫ്റ്റ്' പരിശുദ്ധ അമ്മയ്ക്ക് കൈമാറുകയാണ്. നമുക്കെല്ലാർക്കും തിന്മയോട് വിട പറഞ്ഞ് നന്മ നിറഞ്ഞവരാകാം.

കേരളം ഇന്ന് പ്രളയക്കെടുതിയുടെ ദുരിതം അനുഭവിക്കുകയാണല്ലോ. ജാതിമതഭേദമന്യേ എല്ലാവരും ഒറ്റകെട്ടായി യേശു പഠിപ്പിച്ച നല്ല ശമറയാക്കാരന്റെ പ്രവർത്തികളിൽ ഇന്ന് വ്യാപൃതരായിരിക്കുകയാണ് കേരളത്തിൽ. ഈയവസരത്തിൽ ബഹുമാനപ്പെട്ട വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അത്മായനേതാക്കളുടെയും നേതൃത്വത്തിൽ ഹൊസൂർ രൂപതാംഗങ്ങൾ അമ്പതു ലക്ഷത്തോളം രൂപയുടെ സഹായങ്ങൾ വഴി ദുരിതനുഭവിക്കുന്ന കേരള മക്കളെ സഹായിക്കുവാൻ കാണിക്കുന്ന വലിയ മനസ്സിന് ഞാൻ പ്രത്യേകം നന്ദി അറിയിക്കുകയാണ്. "മറ്റുള്ളവർക്ക് സഹായ ഹസ്തങ്ങളായി മാറുക" അതാണല്ലോ ഹൊസൂർ രൂപതാമക്കളായ നമ്മളുടെ ആപ്തവാക്യം. ഒത്തിരിയേറെ നിത്യോപയോഗ സാധനങ്ങളും വസ്ത്രങ്ങളും സമാഹരിച്ച് വലിയ ട്രക്കുകളിൽ കേരളത്തിലേക്ക് എത്തിക്കാൻ സഹായിച്ച വൈദികർക്കും സന്യസ്തർക്കും അത്മായസഹോദരങ്ങൾക്കും യുവജനങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. തിന്മ വെടിഞ്ഞ് നന്മ നിറഞ്ഞ് മരിയമക്കളായി നമുക്ക് മുന്നേറാം. ഏവർക്കും മാതാവിന്റെ ജനനത്തിരുനാൾ മംഗളങ്ങൾ.

നിങ്ങളുടെ പിതാവ്

മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

# സർക്കുലർ

## കേരളത്തോടൊപ്പം...

Ref : 160/2018/1708

ഈശോയിൽ പ്രിയ വൈദികരെ, സന്യാസിനീ സന്യാസികളെ, പ്രിയ മക്കളെ,

കേരളചരിത്രത്തിലെ ഏറ്റവും വലിയ വെള്ളപ്പൊക്ക കെടുതിയിലൂടെയാണ് നമ്മുടെ സഹോദരങ്ങൾ കടന്നുപോകുന്നത്. നാലഞ്ചു ദിവസങ്ങളായി നിലയ്ക്കാത്ത മഴ, ഡാമുകളെല്ലാം നിറഞ്ഞു കഴിഞ്ഞു, എല്ലാ ഡാമുകളും തുറന്നുവിട്ടിരിക്കുന്നു, പെരിയാറും ചാലക്കുടിയാറും പമ്പയാറും ഭാരതപ്പുഴയും നിറഞ്ഞുകവിഞ്ഞ് പരിസര പ്രദേശങ്ങളിലെല്ലാം അഞ്ചും ആറും കിലോമീറ്റർ വീതിയിൽ പുഴയായി മാറിയിരിക്കുന്നു. വടക്കൻ കേരളത്തിൽ പേമാരിയും ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലും മൂലം ഏറെ കുടുംബങ്ങൾ വേദനിക്കുന്നു. പുഴകൾ അപ്രതീക്ഷിതമായി കരകവിഞ്ഞൊഴുകിയതുമൂലം ഉടുതുണി മാത്രമായി രക്ഷപ്പെട്ടവർ അനേകം. ആയിരക്കണക്കിനാളുകളുടെ കൃഷികളും വസ്തുവകകളും വീടും വസ്ത്രങ്ങളും മറ്റു വിലപിടിച്ച വസ്തുക്കളും നഷ്ടപ്പെട്ട അവസ്ഥ. ഈ ദയനീയമായ അവസ്ഥകൾ മാധ്യമങ്ങളിലൂടെ നമ്മളെല്ലാവരും കാണുന്നതാണ്. പല റോഡുകളും ഉപയോഗശൂന്യമായിക്കഴിഞ്ഞു. കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് കേരളത്തിന് സംഭവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ വേദനിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ആശ്വാസമാകുവാൻ അവർക്കുവേണ്ടി നിരന്തരം പ്രാത്ഥിക്കുന്നതോടൊപ്പം നമ്മുടെ കഴിവിന്റെ പരമാവധി സഹായം നല്കി അവരുടെ വേദനയിൽ നമുക്കു പങ്കുചേരാം. ഉടനെ ചെയ്യാവുന്ന ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹൊസൂർ രൂപതയിലെ എല്ലാ പള്ളികളിലും ഈ ദിവസങ്ങളിൽ കേരളത്തിനായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തേണ്ടതാണ്.
2. ഹൊസൂർ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ജനങ്ങളും അവരുടെ ഒരു മാസത്തെ വരുമാനമെങ്കിലും കേരളത്തിനായി മാറ്റി വെയ്ക്കണം.
3. ഇടവകതലത്തിൽ വസ്തുക്കൾ ശേഖരിക്കുന്നുണ്ടെങ്കിൽ അവ

തരംതിരിച്ച് പാക്ക്  ചെയ്ത് പള്ളികളിൽ സൂക്ഷിക്കുക കേരളത്തിലെ സാഹചര്യങ്ങൾ അനുകൂലമാകുന്നതിനനുസരിച്ച് പാസ്റ്ററൽ സെന്ററിൽ നിന്നും അവ കളക്റ്റ് ചെയ്യുന്നതാണ്.

(സംഭാവനകളും ശേഖരിക്കുന്ന വസ്തുക്കളും 21-08-2018 ചൊവ്വാഴ്ചയ്ക്കു മുൻപായി വികാരിയച്ചന്മാരെ ഏല്പിക്കേണ്ടതാണ്) വെള്ളമിറങ്ങിക്കഴിഞ്ഞാലും കേരളത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കാൻ വർഷങ്ങൾതന്നെ വേണ്ടിവന്നേക്കാം അത്രയും ഭീകരമായ ദുരന്തത്തിലാണ് കേരളമെത്തിയിരിക്കുന്നത്. ഈയവസരത്തിൽ നമുക്കു കരുണയുടെ മക്കളാകാം. അവർക്കൊരു കാരുണ്യസ്പർശമാകാൻ എല്ലാവരുടേയും സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

ബിഷപ്സ് ഓഫീസ് | മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ
27 - 06 - 2018 | ഹൊസൂർ രൂപതാ മെത്രാൻ

NB: ഈ സർക്കുലർ 2018 ആഗസ്റ്റ് 19 ാം തിയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## പ്രീ-കാന കോഴ്സ്

വിവാഹത്തിനൊരുക്കമായിട്ടുള്ള പ്രീകാന കോഴ്സ് സെപ്തംബർ 7,8,9 ദിവസങ്ങളിൽ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവുമായി വരേണ്ടതാണ്.

ഫാ. സുബീഷ് വട്ടപറമ്പിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

Ref: 3138/K-5/KCBC/OL/DS

# സൃഷ്ടി സംരക്ഷണത്തിനുള്ള ലോക പ്രാർത്ഥനാ ദിനം

### ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

### 1, സെപ്തംബർ 2018

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പൊതുഭവനം നമുക്കു സമ്മാനമായി തന്ന കർത്താവിനും അതിനെ സംരക്ഷിക്കാൻ സ്വയം സമർപ്പണം ചെയ്തവർക്കും ഈ പ്രാർത്ഥനാദിനത്തിൽ ആദ്യമായി ഞാൻ നന്ദി പറയുന്നു. പരിസ്ഥിതിയുടെ സംരക്ഷണത്തിനും അതിനെക്കുറിച്ചുള്ള പഠനം പുരോഗമിപ്പിക്കുന്നതിനുംവേണ്ടിയുള്ള അനേകം പദ്ധതികളെക്കുറിച്ചും ഞാൻ നന്ദിയുള്ളവനാണ്. കൂടുതൽ സ്ഥിരതയുള്ള കൃഷി, കൂടുതൽ ഉത്തരവാദിത്വത്തോടുകൂടിയുള്ള പരിപോഷണം, വിദ്യാഭ്യാസപരവും ആധ്യാത്മികവും ലിറ്റർജിപരവുമായ വിവിധ സംരംഭങ്ങളും ഉണ്ട്. അവയിൽ സൃഷ്ടിസംരക്ഷണത്തിനുവേണ്ടി ലോകമെങ്ങും ക്രൈസ്തവർ ഉൾപ്പെട്ടിട്ടുണ്ട്. അവയിൽ അധ്വാനിക്കുന്നവരോടും ഞാൻ നന്ദി പറയുന്നു.

ഉത്തരവാദിത്വപൂർവം സൃഷ്ടി സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മൾ വിജയിച്ചിട്ടില്ല എന്നു നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ആഗോളതലത്തിലും അനേകം സവിശേഷസ്ഥലങ്ങളിലുമുള്ള പാരിസ്ഥിതിക സാഹചര്യത്തെ തൃപ്തികരമാംവിധം പരിഗണിക്കാൻ സാധിക്കുന്നില്ല. മനുഷ്യവംശവും സൃഷ്ടിയും തമ്മിൽ നവീകൃതവും ഗുണപരവുമായ ബന്ധം ആവശ്യമാണെന്ന ബോധം വളർന്നിട്ടുണ്ടെന്നത് ശരിയാണ്. ഇപ്പോഴത്തെ തലമുറയ്ക്കും വരുംതലമുറകൾക്കും ഉപകാരപ്പെടാൻ നമ്മുടെ ഗ്രഹത്തെ കൂടുതൽ നന്നായി സംരക്ഷിക്കണം. മനുഷ്യവംശത്തെക്കുറിച്ചുള്ള ആത്മാർത്ഥവും സമഗ്രവുമായ വീക്ഷണം മാത്രമേ അതിന് അനുവദിക്കുകയുള്ളൂ എന്ന അവബോധം വളർന്നിട്ടുണ്ട്. എന്തെന്നാൽ "പര്യാപ്തമായ മനുഷ്യശാസ്ത്രമില്ലാതെ പരിസ്ഥിതിയില്ല" (*Laudato Si,* 118).

സൃഷ്ടി സംരക്ഷണത്തിനുവേണ്ടിയുള്ള ആഗോളപ്രാർത്ഥനാദിനം അനേകം വർഷങ്ങളായി കത്തോലിക്കാസഭ ആചരിക്കുന്നുണ്ട്. ഓർത്ത ഡോക്സ് സഹോദരീസഹോദരന്മാരോടുമുള്ള ഐക്യത്തിലും മറ്റു സഭ കളുടെയും ക്രൈസ്തവസമൂഹങ്ങളുടെയും ഭാഗഭാഗിത്വത്തിലുമാണ് അത് ആചരിക്കുന്നത്. ഈ പ്രാർത്ഥനാചരണദിനത്തിൽ ജലം എന്ന പ്രശ്നത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് വളരെ ലളിതവും അമൂല്യവുമായ ഘടകമാണ്. പക്ഷേ, അനേകർക്ക് അത് ലഭിക്കുന്നില്ല അല്ലെങ്കിൽ അതിന്റെ ലഭ്യത അസാധ്യമല്ലെങ്കിലും പ്രയാസമുള്ളതാണ് എന്നത് ദുഃഖകരം തന്നെ. ഏതായാലും "അപക ടകരമല്ലാത്ത കുടിനീർ ലഭിക്കുകയെന്നത് മൗലികവും സാർവത്രികവു മായ മനുഷ്യാവകാശമാണ്. കാരണം, മനുഷ്യന്റെ നിലനില്പിന് അത് അനുപേക്ഷണീയമാണ്. അതിന്റെ ലഭ്യത മറ്റു മാനുഷികാവകാശങ്ങൾ അനുഭവിക്കുവാനുള്ള വ്യവസ്ഥയുമാണ്. കുടിവെള്ളം കിട്ടാത്ത ദരിദ്ര രോട് നമ്മുടെ ലോകത്തിന് വലിയ സാമൂഹിക കടമയുണ്ട്. കാരണം, സ്വകീയ മാനുഷിക മഹത്ത്വത്തോടെ ജീവിക്കാനുള്ള അവകാശം അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു (ibid. 30).

നമ്മുടെ ഉത്പത്തിയെപ്പറ്റി ചിന്തിക്കാൻ ജലം നമ്മെ ക്ഷണിക്കുന്നു. മനുഷ്യശരീരം ഭൂരിഭാഗവും ജലംകൊണ്ടു നിർമിച്ചതാണ്. ലോകചരി ത്രത്തിൽ കാണുന്ന അനേകം സംസ്കാരങ്ങൾ മഹാനദികളുടെ തീര ങ്ങളിലാണ് ഉദ്ഭവിച്ചത്. അത് ആ സംസ്കാരങ്ങളുടെ തനിമയെ മുദ്രി തമാക്കുന്നു. ഉത്പത്തി പുസ്തകത്തിന്റെ ആരംഭത്തിൽ ശ്രദ്ധേയമായ ഒരു പ്രതിരൂപത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ആരംഭത്തിൽ സ്രഷ്ടാവിന്റെ ചൈതന്യം ജലത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു" (ഉത്പ 1:2).

സൃഷ്ടിയിലും മനുഷ്യവംശത്തിന്റെ വികസനത്തിലും ജലത്തിനുള്ള മൗലികമായ പങ്ക് പരിഗണിച്ച് "സഹോദരിയായ ജലത്തെ" ഓർത്ത് ഞാൻ ദൈവത്തിനു നന്ദി പറയുന്നു. നമ്മുടെ ഗ്രഹത്തിൽ മറ്റ് എന്തി നെക്കാളും ലളിതവും ഉപയോഗപ്രദവുമാണു ജലം. ഇക്കാരണ ത്താൽത്തന്നെ ജലത്തിന്റെ ഉറവിടങ്ങളും നദീതടങ്ങളും സംരക്ഷിക്കു കയെന്നത് അടിയന്തിര സ്വഭാവമുള്ള അത്യാവശ്യമാണ്. ഇന്ന് എല്ലാ

കാലത്തെക്കാളും ഉപരിയായി നാം തൊട്ടടുത്ത താത്പര്യങ്ങൾക്ക് അപ്പുറത്തേക്കു നോക്കണം (cf *Laudata Si* 36). വസ്തുക്കളുടെ കേവലം ഉപഭോഗപരമായ വീക്ഷണത്തിന് അപ്പുറത്തേക്കു നീങ്ങണം. “അതിൽ കാര്യക്ഷമതയും ഉത്പാദനക്ഷമതയും പൂർണമായും നമ്മുടെ വ്യക്തിപരവുമായ ഉപകാരത്തിനുവേണ്ടിയുള്ളതാണ്” (ibid. 159). സ്വാഭാവിക വിഭവമായ ജലത്തെ സമീപിക്കാനുള്ള മനുഷ്യാവകാശത്തെ തകർക്കുന്ന സ്വകാര്യവത്കരണം അംഗീകരിക്കത്തക്കതല്ല. ഇക്കാര്യം അംഗീകരിക്കുന്ന സഹകരണാധിഷ്ഠിതമായ പദ്ധതികളും വസ്തുനിഷ്ഠമായ പ്രവർത്തനവും ഉണ്ടാവുക അത്യാവശ്യമാണ്.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ജലം ശുദ്ധീകരണത്തിൽ ജീവന്റെ നിലനിറുത്തലിനുമുള്ള അവശ്യഘടകമാണ്. പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെട്ട ജലം എന്ന വസ്തുകൊണ്ടാണ് ദൈവം നമുക്കു ജീവൻ നല്കിയതും നമ്മെ നവീകരിച്ചതും. മരണമില്ലാത്ത ജീവന്റെ അനുഗൃഹീതമായ ഉറവിടമാണത്. വിവിധ വിഭാഗങ്ങളിൽപെട്ട ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പൂർണമായ ഐക്യത്തിലേക്കുള്ള വഴിയിൽ കൂടുതൽ യഥാർത്ഥമായ സാഹോദര്യം അനുഭവിക്കുന്നതിനുവേണ്ടിയുള്ളതും പകരം വയ്ക്കാനാവാത്തതുമായ യഥാർത്ഥ സ്ഥാനമാണ് മാമ്മോദീസ. യേശു തന്റെ ദൗത്യനിർവഹണത്തിൽ എന്നേക്കും മനുഷ്യന്റെ തൃപ്തിപ്പെടുത്താനാവാത്ത ദാഹം ശമിപ്പിക്കാൻ കഴിവുള്ള ജലം വാഗ്ദാനം ചെയ്തു (cf യോഹ 4:14). അവിടന്ന് ഇങ്ങനെ പ്രസ്താവിച്ചു “ആർക്കെങ്കിലും ദാഹിക്കുന്നുണ്ടെങ്കിൽ അവർ എന്നിലേക്കു വന്നു പാനം ചെയ്യട്ടെ” (യോഹ 7:37). യേശുവിൽ നിന്നു കുടിക്കുക എന്നതിന്റെ അർത്ഥം കർത്താവെന്ന നിലയിൽ അവിടത്തെ വ്യക്തിപരമായി കണ്ടുമുട്ടുകയെന്നതും അവിടത്തെ വാക്കുകളിൽ നിന്ന് ജീവന്റെ അർത്ഥം സ്വീകരിക്കുകയെന്നതുമാണ്. കുരിശിൽക്കിടന്ന് അവിടന്നു പറഞ്ഞ “എനിക്കു ദാഹിക്കുന്നു” (യോഹ 19:28) എന്ന വാക്യം നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരം പ്രതിധ്വനിക്കട്ടെ. തന്റെ ദാഹം ശമിപ്പിക്കണമെന്ന് അവിടന്ന് തുടർന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അവിടന്ന് സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. നമ്മുടെ കാലഘട്ടത്തിൽ ദാഹിക്കുന്ന എല്ലാവരിലൂടെയും തനിക്ക് ദാഹജലം നല്കാൻ അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു. അവരോട് ഇങ്ങനെ പറയാനും ആവശ്യപ്പെടുന്നുണ്ട്. “എനിക്കു ദാഹിച്ചു നിങ്ങൾ

എനിക്കു കുടിക്കാൻ തന്നു" (മത്താ 25:35). ആഗോളഗ്രാമത്തിൽ കുടിക്കാൻ കൊടുക്കുകയെന്നത് പരസ്നേഹത്തിന്റെ വ്യക്തിപരമായ പ്രവൃത്തികളെ മാത്രമല്ല ഉൾക്കൊള്ളുന്നത്. എല്ലാവർക്കും പ്രാഥമിക വസ്തു ആയ ജലം ഉറപ്പുവരുത്താൻ വസ്തുനിഷ്ഠമായ തിരഞ്ഞെടുപ്പുകളും സ്ഥിരസമർപ്പണവും ഉണ്ടായിരിക്കുകയെന്നതുകൂടി ഉൾക്കൊള്ളുന്നു.

കായലുകളുടെയും കടലുകളുടെയും കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വലിയ ജലസംഭരണികളാകുന്ന ഹൃദയസ്പർശകവും വിസ്മയനീയവുമായ ദാനത്തെയോർത്ത് സ്രഷ്ടാവിനു നന്ദിപറയുക നമ്മുടെ കടമയാണ് (cf. ഉത്പ. 1: 20-21; സങ്കീ.146:6). ഭൂമിയെ സമുദ്രങ്ങൾകൊണ്ട് നിറച്ചതിനും നാം അവിടത്തെ സ്തുതിക്കണം (cf. സങ്കീ. 104:6). അളവറ്റ, വ്യാപകമായ കായലുകളെയും അവയുടെ നിരന്തരചലനത്തെയും ചിന്തിക്കുമ്പോൾ ദൈവത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിക്കാനുള്ള അവസരം ലഭിക്കും. ദൈവം എന്നും തന്റെ സ്രഷ്ടികളോടൊപ്പമുണ്ട്. അവയുടെ ചലനത്തെ അവിടന്നു നയിക്കുന്നു. അവയുടെ അസ്തിത്വത്തെ അവിടന്ന് താങ്ങിനിറുത്തുന്നു (cf. St. John Paul II, Catechesis of M Mary 1986).

വിലമതിക്കാനാവാത്ത നിധിയെ നമ്മൾ സ്ഥിരം സൂക്ഷിക്കണം. അത് ഇന്ന് ഒഴിച്ചുകൂടാനാവാത്ത കടമയും യഥാർത്ഥ വെല്ലുവിളിയുമാണ്. സ്രഷ്ടാവിന്റെ തുടർപ്രവർത്തനത്തെ സഹായിക്കുകയെന്നത് സന്മനസ്സുള്ള സ്ത്രീ പുരുഷന്മാരുടെ പരസ്പരമുള്ള കാര്യക്ഷമമായ ഒരാവശ്യമാണ്. കാര്യക്ഷമമായ നിയമങ്ങളും നിയന്ത്രണമാർഗങ്ങളും ഇല്ലാത്തതുകൊണ്ട് അനേകം പരിശ്രമങ്ങൾ പരാജയപ്പെടുന്നുവെന്നത് ദു:ഖകരമാണ്. ദേശീയ അതിരുകൾക്ക് അപ്പുറത്തുള്ള സമുദ്രതീര പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചും അങ്ങനെ സംഭവിക്കുന്നു (cf. *Laudato Si* 174). നമ്മുടെ കായലുകളും സമുദ്രങ്ങളും ഒഴുക്കിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് പാടങ്ങൾകൊണ്ട് മലിനമാക്കപ്പെടാൻ നമ്മൾ സമ്മതിക്കരുത്. ഇവിടെ ഈ അത്യാഹിതത്തെ നേരിടാൻ നമ്മുടെ സജീവമായ സമർപ്പണം ആവശ്യമാണ്. എല്ലാം ദൈവത്തിന്റെ പരിപാലനയെ ആശ്രയിച്ചിരിക്കുകയാൽ നാം പ്രാർത്ഥിക്കണം. എല്ലാം നമ്മെ ആശ്രയിച്ചിരിക്കുന്നുവെന്നതിൽ നമ്മൾ അധ്വാനിക്കുകയുംവേണം.

വെള്ളം ജനതകൾ തമ്മിലുള്ള വേർതിരിവിന്റെ അടയാളമായിത്തീരാതിരിക്കാൻവേണ്ടി, മനുഷ്യവംശത്തിനുവേണ്ടിയുള്ള കണ്ടുമുട്ടലിന്റെ അടയാളമായിരിക്കാൻവേണ്ടി, നാം പ്രാർഥിക്കണം. കൂടുതൽ നല്ലഭാവിക്കുവേണ്ടി നാം പ്രാർഥിക്കണം. കൂടുതൽ നല്ല ഭാവിക്കുവേണ്ടി കടലിൽ അപകടസാധ്യതയോടെ കഴിഞ്ഞുകൂടുന്നവരുടെ സുരക്ഷിതത്വത്തിനായി നമുക്കു പ്രാർഥിക്കാം. കർത്താവിനോടും ശ്രേഷ്ഠമായ രാഷ്ട്രീയസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നവരോടും ഇന്നത്തെ വൈകാരിക പ്രശ്നങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരോടും നമുക്കു അപേക്ഷിക്കാം. കുടിയേറ്റക്കാർ, കാലാവസ്ഥാമാറ്റം, പ്രാഥമികവസ്തുക്കൾ എല്ലാവർക്കും ഉപയോഗിക്കാനുള്ള അവകാശം എന്നിവ വൈകാരികപ്രശ്നങ്ങളാണ്. അവയെ ഉദാരതയോടും ദീർഘവീക്ഷണമുള്ള ഉത്തരവാദിത്വത്തോടുംകൂടി, സഹകരണ ചൈതന്യത്തിൽ-പ്രത്യേകിച്ച് സഹായിക്കാൻ ഏറ്റവും കഴിവുള്ളവരുടെ സഹകരണത്തിൽ-കൈകാര്യം ചെയ്യാൻവേണ്ടി അപേക്ഷിക്കാം.

കടലിൽ പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചിട്ടുള്ള എല്ലാവർക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം. സമുദ്രപരമായ പരിസ്ഥിതി ഉൾക്കൊള്ളുന്ന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ സഹായിക്കുന്നവർക്കുവേണ്ടിയും, വ്യക്തികൾ രാജ്യങ്ങൾ വസ്തുക്കൾ പ്രകൃതിവിഭവങ്ങൾ എന്നിവയെ സംരക്ഷിക്കാൻ വികസനത്തിനും അന്താരാഷ്ട്ര നിയമങ്ങളുടെ പ്രയോഗത്തിനും സഹായിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കാം. പ്രകൃതി വിഭവങ്ങളുടെ ഉദാഹരണങ്ങളാണ് പ്രാണികൾ സസ്യങ്ങൾ പവിഴ കടൽപ്പാറ നിരകൾ (cf ibid. 41) കടൽത്തീരങ്ങൾ എന്നിവ. വ്യക്തി താത്പര്യങ്ങൾക്കല്ലാതെ മുഴുവൻ മനുഷ്യകുടുംബത്തിന്റെയും പൊതുനന്മയെ ലക്ഷ്യമാക്കി സമഗ്രവികസനത്തിന് ഉറപ്പുനല്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാം. സമുദ്രതീരങ്ങളെ സംരക്ഷിക്കാൻ അധ്വാനിക്കുന്ന എല്ലാവർക്കുംവേണ്ടി, സമുദ്രങ്ങളെയും സമുദ്രങ്ങളിലുള്ള വിവിധ ജന്തുജാലങ്ങളെയും സംരക്ഷിക്കാൻവേണ്ടി അധ്വാനിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കാം. ഈ ദൗത്യം ഉത്തരവാദിത്വബോധത്തോടും സമഗ്രതയോടും കൂടി അവർ നിർവഹിക്കാൻ വേണ്ടി പ്രാർത്ഥിക്കാം.

അവസാനമായി, യുവതലമുറയെ പരിഗണിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.  അവർ നമ്മുടെ പൊതുഭവനത്തെക്കുറിച്ചുള്ള അറിവിലും ആദരത്തിലും വളർന്നുവരാൻ, എല്ലാവരുടെയും ഉപകാരത്തിനായി ജലമെന്ന സാരാംശപരമായ നന്മയെ സൂക്ഷിക്കാനുള്ള ആഗ്രഹത്തിൽ വളരാൻ നമുക്കു പ്രാർത്ഥിക്കാം. അവശ്യാവശ്യകമായ ഈ വിഭവത്തെ അനുഭവിക്കാൻ എല്ലാവരെയും വസ്തുനിഷ്ഠമായി കൂടുതൽ കൂടുതൽ സഹായിക്കാൻ ക്രൈസ്തവസമൂഹങ്ങൾ തയ്യാറാകുമെന്നാണ് പ്രാർത്ഥനാനിർഭരമായ പ്രത്യാശ. സ്രഷ്ടാവിൽ നിന്നു സ്വീകരിച്ച ദാനങ്ങളെ, പ്രത്യേകിച്ച് നദികൾ, കായലുകൾ കടലുകൾ എന്നിവയെ ആദരപൂർവം സംരക്ഷിക്കാൻ അവർ സംഭാവന നല്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 1 സെപ്തംബർ 2018

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

## പാസ്റ്ററൽ കൗൺസിൽ

ഹൊസൂർ രൂപത നിലവിൽ വന്നശേഷമുള്ള പാസ്റ്ററൽ കൗൺസിലിന്റെ 3-ാം സമ്മേളനം 2018 സെപ്തംബർ മാസം 23-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2. 30 മുതൽ വൈകിട്ട്  6 മണിവരെ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നു താങ്കളുടെ വിലയേറിയ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

ശ്രീ. ജേക്കബ് ചക്കാത്തറ
സെക്രട്ടറി

ഡോ. ആന്റോ കരിപ്പായി
ജനറൽ സെക്രട്ടറി

## കച്ചേരികാര്യങ്ങൾ

**I എട്ടുനോമ്പ്**

സെപ്തംബർ 8 ന് ദൈവമാതാവിന്റെ ജനനതിരുനാൾ ആഘോഷിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് സെപ്തംബർ 1 മുതൽ 8 വരെ എട്ടുനോമ്പ് ആചരിക്കുന്നു.

**II. വൈദികരുടെ മാസധ്യാനം**

സെപ്തംബർ മാസത്തെ വൈദികരുടെ മാസധ്യാനം അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് 5 ാം തിയ്യതി വൈകുന്നേരം 6. 30 നു ആരംഭിക്കുന്നു. റവ. ഫാ. പോൾ കാച്ചപ്പിള്ളി എസ്. ഡി. ബി ധ്യാനചിന്തകൾ പങ്കുവെയ്ക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**III. ജൂനിയർ ബിഷപ്സ് 'ട്രെയിനിംഗ്' പ്രോഗ്രാം**

ജൂനിയർ ബിഷപ്സിനായി റോമിൽ വെച്ച് നടത്തപ്പെടുന്ന ട്രെയിനിംഗ് പ്രോഗ്രാം സെപ്തംബർ 5 മുതൽ 13 വരെയാണ്.അഭിവന്ദ്യ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവ് സെപ്തംബർ 2 ന് റോമിലേക്കു പോവുകയും ട്രെയിനിംഗിൽ പങ്കെടുത്തു 16 ന് തിരികെ എത്തുകയും ചെയ്യും. ട്രയിനിംഗ് പ്രോഗ്രാമിൽ പങ്കെടുന്ന എല്ലാ പിതാക്കന്മാർക്കു വേണ്ടിയും നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

**IV. 'പാസ്റ്ററൽ കൗൺസിൽ' മീറ്റിംങ്**

പാസ്റ്ററൽ കൗൺസിൽ സെപ്തംബർ 23 നു ഉച്ചകഴിഞ്ഞഅ 2. 30 ന് അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നു

**V. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ.**

സെപ്തംബർ 14 ന് വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്നു. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

**VI. 'ലിവിംഗ്' & 'ലേർണിംഗ്' പ്രോഗ്രാം**

ഇരിങ്ങാലക്കുട രൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ലിവിംഗ് & ലേർണിംഗ് പ്രോഗ്രാമിൽ ഹൊസൂർ രൂപതയിൽ നിന്നും പങ്കെടുക്കുന്നവർ.

**ബാച്ച് 1 - സെപ്തംബർ 17-20**

1. വെരി. റവ. മോൺ. ജോസ് മാളിയേക്കൽ
2. വെരി. റവ. മോൺ. വർഗീസ് പെരേപ്പാടൻ
3. വെരി. റവ. ഫാ. ബിനോയ് പൊഴോലിപറമ്പിൽ
4. റവ. ഫാ. ബെന്നി അരിമ്പുള്ളി

5. വെരി. റവ. ഫാ. ജോർജ്ജ് ചിറമേൽ
6. വെരി. റവ. ഫാ. ജിജോ  ജോസഫ് തുണ്ടത്തിൽ
7. റവ. ഫാ. വിനീഷ് വട്ടോലി
8. റവ. ഫാ. ലെസ്ലിൻ ചെറുപറമ്പിൽ
9. റവ. ഫാ. ജോഫിൻ കാപ്പിൽ
10. റവ. ഫാ. ജോസഫ് സാവിയോ പയ്യപ്പിള്ളി
11. റവ. ഫാ. അലക്സ് കല്ലേലി
12. റവ. ഫാ. അരുൺ ചക്കാലക്കൽ
13. റവ. ഫാ. റിന്റോ തെക്കിനിയത്ത്

**ബാച്ച് 2- സെപ്തംബർ 24-27**

1. വെരി. റവ. ഫാ. ആന്റോ കരിപ്പായി
2. വെരി. റവ. ഫാ. ആൻഡ്രൂസ് മാളിയേക്കൽ
3. വെരി. റവ. ഫാ. ജോസ് പുല്ലൂപറമ്പിൽ
4. വെരി. റവ. ഫാ. ജാജു എളങ്കുന്നപ്പുഴ
5. റവ. ഫാ. ജിജോ ചക്യേത്ത്
6. വെരി. റവ. ഫാ. സിബിൻ കോട്ടക്കൽ
7. റവ. ഫാ. നിജോ പള്ളായി
8. റവ. ഫാ. ജിയോ കൈതാരത്ത്
9. റവ. ഫാ. ജോബി മേനോത്ത്
10. റവ. ഫാ. സുബീഷ് വട്ടപറമ്പിൽ
11. റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി

**VII. 'മിഷൻ സൺഡേ'**

ഒക്ടോബർ 21 ന് മിഷൻ സൺഡേ ആചരിക്കുന്നു. എല്ലാ ഇടവകകളിലും മിഷൻ പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക പ്രാർത്ഥനകളും ആവശ്യമായ സഹായസഹകരണങ്ങളും നല്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**VII കേരള ജലപ്രളയ ദുരിതാശ്വാസം**

വെള്ളപ്പൊക്ക ദുരിതത്തിൽ കഴിയുന്ന കേരളത്തിലെ നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ സന്മനസ്സ് കാണിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഇനിയും ആരെങ്കിലും സഹായങ്ങൾ നല്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സെപ്തംബർ 30 നു മുൻപ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

മോൺ. ജോസ് മാളിയേക്കൽ
പ്രോട്ടോസിഞ്ചല്ലൂസ്

## മാതൃജ്യോതിസ്സ്

ഹൊസൂർ രൂപത നിലവിൽ വന്നതിന് ശേഷം രൂപതയിലെ അമ്മമാർക്ക് വേണ്ടി സംഘടിപ്പിച്ച കലോത്സവം ആഗസ്റ്റ് 15-ാം തിയ്യതി കോവിൽപതാകൈ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. രൂപതയിലെ 20 ഇടവകകളിൽ നിന്നുമുള്ള ഏകദേശം 700 അമ്മമാർ കലോത്സവത്തിൽ പങ്കെടുത്തു. കലോത്സവത്തിന് നേതൃത്വം നല്കിയ രൂപതാഭാരവാഹികളേയും സഹായഹസ്തങ്ങൾ നല്കിയ നല്ല മനസ്സുകളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**RESULTS OF THE MATHRUJYOTHIS -KALOLSAVAM HELD ON 15TH August 2018**

| SL ITEM | POSITION | NAME | UNIT |
|---|---|---|---|
| 1 Nimisha Prasangam | I | LIJI B. THOMAS | MYLAPORE |
| | II | ALPHONSA PHILIP | AYANAVARAM |
| | III | VIJI MATHEW | AMBATTUR |
| 2 Declamation | I | CHRISTINA SUNNY | POZHICHALLUR |
| | II | ANU JAISON | VALSARAVAKKAM |
| | III | SOUMYA RUBY | AYANAVARAM |
| 3 Lalitha Ganam | I | AROMA LENISH | MOGAPPAIR |
| | II | LAISY RINTO | NEELANGARAI |
| | III | BINCY ABIN | AMBATTUR |
| | III | SHEEBA JOHNSON | OTTERY |
| 4 Mono Act | I | DIYA SONY | POZHICHALLUR |
| | II | JUDIA TREESA TOM | NOOTHENCHERRY |
| | III | REGINA DONBOSCO | PERAMBUR |
| 5 Prachanna Vesham | I | LEENA TOM | IAF AVADI |
| | II | SALINI JAISON | PATTABIRAM |
| | III | DAISY THOMAS | PERAMBUR |
| 6 Folk Dance | I | SONIA DERIK | IAF AVADI |
| | II | VINEETHA | POZHICHALLUR |
| | III | MEENU JOSEPH | KODAMBAKKAM |

| | | | |
|---|---|---|---|
| **7 Puthen Pana** | I | **LIYA STANLEY** | NOOTHENCHERRY |
| | II | **MERLY JOHN M.** | ST. THOMAS MOUNT |
| | III | **ASHA JOSEPH** | KODAMBAKKAM |
| **8 Group Song** | I | **NEELANKARAI** | |
| | II | **MOGAPPAIR** | |
| | III | **VALSARAVAKKAM** | |
| **9 Skit** | I | **MOGAPPAIR** | |
| | II | **NOOTHENCHERY** | |
| | III | **IAF AVADI** | |
| **10 Group Dance** | I | **ATHIPET** | |
| | II | **PERAMBUR** | |
| | III | **VALSARAVAKKAM** | |
| **11 Tableau** | I | **OTTERY** | |
| | II | **IAF AVADI** | |
| | III | **PERAMBUR** | |
| **12 Maargamkali** | I | **NOOTHENCHERRY** | |
| | II | **MOGAPPAIR** | |
| | III | **KOVILPATHAGAI** | |

**ഫാ. വിനീഷ് വട്ടോളി**
മാതൃസംഘം ഡയറക്ടർ

## സെമിനാരി വാർത്തകൾ

### I ‘വിയാനി ഡേ’ ആഘോഷം

ഇടവകവൈദിരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4 ന് ആഘോഷിച്ചു. ഹൊസൂർ രൂപതാ മുഖ്യവികാരി ജനറാൾ മോൺ. ജോസ് മാളിയേക്കൽ അച്ചൻ വി. ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് വിയാനിയെക്കുറിച്ചുള്ള പ്രസംഗമത്സരവും മീറ്റിംങ്ങും ഉണ്ടായിരുന്നു. സ്നേഹതീരത്തിലെ അമ്മമാരും ആഘോഷങ്ങളിൽ

പങ്കെടുത്തു. ബ്രദേഴ്സ് പിഞ്ചിവാക്കം ലാറ്റിൻ ഇടവക വികാരിയെ സന്ദർശിച്ചു.

## II മുഗപ്പേർ-മൈലാപ്പൂർ ഇടവകസന്ദർശനം

ആഗസ്റ്റ് 5 ാം തിയ്യതി മുഗപ്പേർ ഹോളിക്രോസ്സ് ഇടവകപള്ളയിൽ റെക്ടറച്ചനും ബ്രദേഴ്സും സന്ദർശം നടത്തി. വികാരി വെരി. റവ. ഫാ. ജാജു ഏളംകുന്നപ്പുഴയച്ചൻ ബ്രദേഴ്സിന് സമ്മാനങ്ങൾ നൽകി സ്വീകരിച്ചു. ഇടവകജനങ്ങളുമായി ബ്രദേഴ്സ് സംവദിക്കുകയും സെമിനാരി റെക്ടർ ഡോ. ആന്റോ കരിപ്പായി വി. കുർബാന അർപ്പിക്കുകയും ചെയ്തു. തുടർന്നു മൈലാപ്പൂർ ഇടവക സന്ദർശിച്ചു. വികാരി ഫാ. റിന്റോ തെക്കിനിയത്ത് എല്ലാവരെയും ഹൃദ്യമായി സ്വാഗതം ചെയ്തു.

## III സെമിനാരി എക്സ്റ്റംങ്ഷൻ വെഞ്ചിരിച്ചു.

ഇരിങ്ങാലക്കുട രൂപതാതിർത്തിയിലെ കല്ലേറ്റുംകരയിൽ നിർമാണം പൂർത്തിയാക്കിയ സെന്റ് മേരീസ് ഹൊസൂർ ഭവനും സെമിനാരി എക്സറ്റംങ്ഷൻ സെക്ഷനും വെഞ്ചിരിക്കുകയും പരിശീലനം ആരംഭിക്കുകയും ചെയ്തു. ആഗസ്റ്റ് 15 ന് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവ് സന്നിഹിതനായിരുന്നു. ഫിലോസഫി പഠനം പൂർത്തിയാക്കിയ ബ്ര. ടിജോ ചന്ദ്രവിരുത്തിൽ, ബ്ര. സൈജോ കൊല്ലംപ്പറമ്പിൽ,. ബ്ര. അഭിഷേക് മൊയലൻ എന്നിവരുടെ തുടർന്നുള്ള പരിശീലനം ഹൊസൂർ ഭവനത്തിലായിരിക്കും. ഹൊസൂർ ഭവന്റെ ഡയറക്ടറും വൊക്കേഷൻ പ്രൊമോട്ടറും വൈസ് റെക്ടറുമായ ഫാ. ലിജോ ചിറ്റിലിപ്പിള്ളി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

## IV അവധിക്കാലം

ഓഗസ്റ്റ് 22 മുതൽ സെപ്തംബർ 2 വരെ ഓണവധിയായിരുന്നു. സെമിനാരി ക്കാരെല്ലാവരും വീടുകളിലേക്ക് പോയി.

റവ. ഡോ ആന്റോ കരിപ്പായി
റെക്ടർ, സെന്റ് ജെയിംസ് മൈനർ സെമിനാരി

## ഇടയന്റെ ഇന്നലകൾ

ആഗസ്റ്റ് 1-2 : സെന്റ് പീറ്റേഴ്സ് ചർച്ച്, ഐ. എ. എഫ് ആവഡി ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു

ആഗസ്റ്റ് 7-13 : സെന്റ് കമില്ലസ്സ് ചർച്ച്, നീലാങ്കരൈ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു

ആഗസ്റ്റ് 5 : അഗാപ്പെ യുവജന കൺവെൻഷനിൽ പങ്കെടുക്കുകയും സന്ദേശം നല്കുകയും ചെയ്തു.

ആഗസ്റ്റ് 12 : സെന്റ് പീറ്റേഴ്സ് ചർച്ച്, ഐ. എ. എഫ് ആവഡി ഇടവകയിൽ പാസ്റ്ററൽ വിസിറ്റ നടത്തി

ആഗസ്റ്റ് 15 : കല്ലേറ്റുംകരയിലെ സെന്റ് മേരീസ് ഹൊസൂർ ഭവന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുത്തു

ആഗസ്റ്റ് 23-31: സേക്രഡ് ഹാർട്ട് ചർച്ച് കീൽക്കട്ടലെ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു
സെന്റ് ആന്റണീസ് കത്തീഡ്രൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു

ആഗസ്റ്റ് 24 : ഹോളി ഫാമിലി സ്കൂൾ കീൽക്കട്ട്ലെ വാർഷികത്തിൽ പങ്കെടുക്കുകയും സന്ദേശം നല്കുകയും ചെയ്തു

## ഇടയന്റെ നാളകൾ

ഭവനസന്ദർശനം (ബുധൻ, ഞായർ ഒഴികെ) ഉച്ചക്ക് 1 മണി മുതൽ രാത്രി 9 മണി വരെ

സെപ്തംബർ 1 : സെന്റ് ആന്റണീസ് ചർച്ച്, നൂത്തഞ്ചേരി

സെപ്തംബർ 3-16 : റോം, ജൂനിയർ ബിഷപ്സ് ട്രെയിംനിംഗ് പ്രാഗ്രാം

സെപ്തംബർ 23 : പാസ്റ്ററൽ കൗൺസിൽ, സെന്റ് തോമസ് പാസ്റ്ററൽ സെന്റർ അയനാവരം

### ഈ മാസം ജന്മദിനം ആഘോഷിക്കുന്നവർ

സെപ്തംബർ 1 : അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

സെപ്തംബർ 10 : മോൺ. ജോസ് മാളിയേക്കൽ

സെപ്തംബർ 30 : വെരി. റവ. ഫാ. ജോർജ്ജ് ചിറമേൽ